പോസ്റ്റ്മാർട്ടം ചെയ്യാനുള്ള സൗകര്യമില്ലാത്ത മോർച്ചറി പോലുമില്ലാത്ത ഏക ജില്ലാ ആശുപത്രിയാണ് ഇടുക്കി ജില്ലാ ആശുപത്രി. നമ്മുടെ ഈ സംസ്ഥാനത്തെ മറ്റ് 13 ജില്ലാ ആശുപത്രികളിലുമുള്ള യാതൊരു സൗകര്യങ്ങളും ഈ ആശുപത്രിയിൽ ഇല്ലായെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 200 മുതൽ 270 വരെ കിടക്കകളുള്ളതാണ് ജില്ലാ ആശുപത്രി. അതേയവസരത്തിൽ പയനാവിലുള്ള ഇടുക്കി ജില്ലാ ആശുപത്രിയിൽ 18 കിടക്കകളാണ് മാത്രമാണുള്ളത്. ഒരു ജില്ലാ ആശുപത്രിയിൽ 27 ഡോക്ടർമാർ വേണ്ടിടത്ത് ഇടുക്കി ജില്ലാ ആശുപത്രിയിൽ ഉള്ളത് കേവലം മൂന്ന് ഡോക്ടർമാർ മാത്രമാണ്. ഹെഡ് നേഴ്സ് 20 വേണ്ട സ്ഥാനത്ത് ഇടുക്കി ജില്ലാ ആശുപത്രിയിൽ ഒരൊറ്റ ഹെഡ് നേഴ്സ് പോലുമില്ല. 162 നേഴ്സുമാർ വേണ്ട സ്ഥാനത്ത് ഇടുക്കി ജില്ലാ ആശുപത്രിയിൽ രണ്ട് നേഴ്സുമാർ മാത്രമാണുള്ളത്. ഇടുക്കി ജില്ലയിലെ നിലവിലുള്ള ആശുപത്രിയിൽ ഇന്ന് 25 ഡോക്ടർമാരുടെയും 142 നേഴ്സുമാരുടെയും 22 ഹെഡ് നേഴ്സിന്റെയും പോസ്റ്റ് വേക്കന്റായി കിടക്കുകയാണ്. ചികിൽസാസൗകര്യ രംഗത്ത് മറ്റ് ജില്ലകൾക്ക് ലഭിക്കുന്ന എല്ലാവിധ സൗകര്യങ്ങളും നിഷേധിക്കപ്പെട്ട്, ദുരിതം അനുഭവിക്കാൻ മാത്രം വിധിക്കപ്പെട്ട ഇടുക്കി ജില്ലയിലെ ആളുകൾ ഇന്നനുഭവിക്കുന്ന ദുരിതത്തിന് പരിഹാരമുണ്ടാക്കണം. ഈ മന്ത്രിസഭയിലെ ഒരു മന്ത്രി പ്രതിനിധാനം ചെയ്യുന്ന ഇടുക്കി ജില്ലയിലെ ജനങ്ങളോട് കാണിക്കുന്ന ഈ ക്രൂരമായ നടപടി അവസാനിപ്പിക്കാൻ ഇന്ന് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൻമനസ്സ് കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : ഇടുക്കി ജില്ലാ ആശുപത്രി ഇപ്പോൾ സ്ഥിതിചെയ്യുന്നത് പൈനാവിലാണ്. അവിടെ ആകെയുള്ള ബഡ്ഡുകളുടെ എണ്ണം 24 ആണ്. അനുവദിച്ചിട്ടുള്ള ഡോക്ടർമാർ മൂന്ന് ആണ്. ഇതിൽ രണ്ട് പേർ അവിടെ ജോലി ചെയ്യുന്നു ഒരാൾ വന്നിട്ടില്ല. ഗൈനക്കോളജിസ്റ്റിന്റെ തസ്തിക തൽക്കാലം ഒഴിഞ്ഞുകിടക്കുകയാണ്. അതുപോലെതന്നെ സ്റ്റാഫിന്റെ കാര്യത്തിലാണെങ്കിൽ ഹെഡ് നേഴ്സിന്റെ രണ്ട് തസ്തിക അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒരാൾ വർക്കിംഗ് അറേഞ്ച്മെന്റിൽ ഇപ്പോൾ അവിടെ വർക്ക് ചെയ്യുന്നു. സ്റ്റാഫ് നേഴ്സിന്റെ തസ്തിക അനുവദിച്ചിട്ടുള്ളത് രണ്ടാണ്. ഇതിൽ രണ്ടു പേരും ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. ഒരു ജില്ലാ ആശുപത്രി എന്നുള്ള നിലയിൽ വേണ്ടത്ര സൗകര്യങ്ങളും എല്ലാം ചെയ്യാൻ ഇടുക്കി ജില്ലയെ സംബന്ധിച്ചിടത്തോളം സാധിച്ചിട്ടില്ല. പല ആഫീസുകളും ജില്ലാ ആഫീസുകൾക്ക് വേണ്ട മാതിരി വന്നിട്ടില്ല. തൽക്കാലം ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്ന് ആവശ്യമായ മരുന്നുകൾ ഇടുക്കി ജില്ലാ ആശുപത്രിയിൽ നൽകി വരുന്നുണ്ട്. ഇതാണ് ഇപ്പോഴത്തെ സ്ഥിതി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വേണ്ടത്ര സൗകര്യമില്ലായെന്നുള്ളത് ഗവൺമെന്റിന് അറിയാം. പരമാവധി സൗകര്യമേർപ്പെടുത്തുന്നതിന്, സാമ്പത്തിക സ്ഥിതി മെച്ചമാകുന്നതിനനുസരിച്ച് ശ്രമിക്കുന്നതാണ്.

(2) വലപ്പാട് ശ്രീരാമ പോളിടെക്നിക്ക്

ശ്രീ. സുധാർത്ഥൻ കാട്ടുങ്ങൽ : 1981-ൽ ഏറെടുത്ത എന്റെ നിയോജകമണ്ഡലത്തിലെ ശ്രീരാമ പോളിടെക്നിക്കലിൽ 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുള്ള ഒരു ഹോസ്റ്റൽ കെട്ടിടത്തിന് ടെൻഡർ ഉറപ്പിച്ചുവെങ്കിലും നാളിതുവരെ പണി ആരംഭിച്ചിട്ടില്ല. പബ്ലിക് ഹെൽത്ത്

LIBRARY ARCHIVES Kerala Legislative Assembly

ലാബ്രട്ടറി, സിവിൽ എഞ്ചിനീയറിംഗ് ലാബ്രട്ടറി, മെക്കാനിക്കൽ വർക്ക് ഷോപ്പ് തുടങ്ങിയ ലാബ്രട്ടറി സൗകര്യങ്ങളോ കെട്ടിടമോ ഉപകരണങ്ങളോ ഒന്നും അവിടെയില്ല. അതുപോലെതന്നെ 1972-ൽ ഇത് പൂർണ്ണമായി ഏറെറടുത്തിട്ടും അവിടത്തെ സ്റ്റാഫിന് കിട്ടേണ്ടതായിട്ടുള്ള ന്യായമായ ആനുകൂല്യങ്ങളൊന്നും ലഭിച്ചിട്ടില്ല. മറ്റ് പോളിടെക്നിക്കുകളിലെ സ്റ്റാഫുമായി ഏകീകരിപ്പിച്ചുകൊണ്ട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാനും അവർക്ക് കിട്ടേണ്ട ന്യായമായ ആനുകൂല്യങ്ങൾ ലഭിക്കാനും വേണ്ടി സംവിധാനമുണ്ടാക്കണം. അതുപോലെതന്നെ ഇലക്ട്രോണിക് കമ്പ്യൂട്ടർ സയൻസ്, ഫിഷറീസ് ടെക്നോളജി, റൂറൽ എഞ്ചിനീയറിംഗ് മാനേജ്മെൻറ് കോഴ്സ് തുടങ്ങിയ പുതിയ കോഴ്സുകൾ ഈ പോളിടെക്നിക്കിൽ അടിയന്തിരമായും അനുവദിക്കേണ്ടതാണ്. നാട്ടുകാരുടെ പണം പിരിച്ച് ഉണ്ടാക്കിയ ഈ സ്ഥാപനത്തോട് ഗവൺമെൻറ് കാണിക്കുന്ന ഈ അവഗണന അവസാനിപ്പിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : വലപ്പാട് ശ്രീരാമാ പോളിടെക്നിക്കലിലെ ആൺകുട്ടികളുടെ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ കെട്ടിടം പണിയുന്നതിന് ഒന്നര വർഷം മുമ്പ് ടെൻറർ വിളിക്കുകയും അതിനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്തതാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ 5 ലക്ഷം രൂപ ഇതിന് വക ഇരുത്തിയിട്ടുണ്ട്. ഈ ഹോസ്റ്റൽ കെട്ടിടത്തിൻറെപണി ഉടൻതന്നെ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചുവരുകയാണ്. ശ്രീരാമാ പോളിടെക്നിക്കലിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിക്കുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർതന്നെ നേരത്തെ എൻറെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ആ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചു വരികയാണ്. ഈ പോളിടെക്നിക്കലിലെ വർക്കുഷോപ്പും ലാബ്രട്ടറിയും വികസിപ്പിക്കുന്നതിന് 8.52 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് ഈ ആവശ്യത്തിന് തന്നാണ്ടത്തെ ബഡ്ജറ്റിൽ 3 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സത്വരമായ നടപടി സ്വീകരിക്കുന്നതാണ്. അതുപോലെതന്നെ ക്ലാസുകൾ നടത്തുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രിൻസിപ്പാളിന് അധികാരമുണ്ട്. ഇതിനാവശ്യമായ നിർദ്ദേശവും പ്രിൻസിപ്പാളിന് നൽകിയിട്ടുണ്ട്. ആഡിറ്റോറിയത്തിൻറെ കാര്യത്തിനും, ഫർണിച്ചറും, ഉപകരണങ്ങളും വാങ്ങുന്നതിന് ഡയറക്ടർ ഒന്നര ലക്ഷം രൂപയ്ക്കുള്ള അനുവാദം നൽകിയിട്ടുണ്ട്, അതിനും ആവശ്യമായ നടപടി സ്വീകരിച്ചു വരുകയാണ്.

(3) വടക്കാഞ്ചേരിയിലെ കെ. എസ്. ആർ. ടി. ഓപ്പറേറ്റിംഗ് സെൻറർ

ശ്രീ. സി. ടി. കൃഷ്ണൻ : സർ, ഈ മന്ത്രിസഭയിലെ രണ്ട് സുന്ദരൻമാർ ഉൽഘാടനം നിർവഹിച്ച എൻറെ നിയോജകമണ്ഡലത്തിൽപ്പെട്ട വടക്കാഞ്ചേരി പഞ്ചായത്തിൽ ആരംഭിച്ച കെ. എസ്. ആർ. ടി. സി. യുടെ ഓപ്പറേഷൻ സെൻറിൻറെ ദയനീയ കഥയാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly